പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## എൻ.എൽ.സി ലഭിക്കുന്നതിനുള്ള നടപടി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5278 31/10/2016-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.പി.ടി.എ.റഹീം**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റിട്ടയർ ചെയ്ത ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, ഡിപ്പാർട്ടുമെന്റ് തലത്തിൽ അച്ചടക്ക നടപടിയുടെ ഫയൽ തീർപ്പാക്കാത്തതിന്റെ പേരിൽ തടഞ്ഞു വെയ്ക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | KSR Part III ചട്ടം 3 (a) പ്രകാരം വകുപ്പുതല നടപടിയോ ജുഡീഷ്യൽ നടപടിയോ ഉണ്ടാകുന്ന പക്ഷം പ്രസ്തുത നടപടിക്രമങ്ങൾ അവസാനിക്കുന്നതുവരെ പ്രൊവിഷണൽ പെൻഷൻ അനുവദിക്കാവുന്നതാണെന്നും, ഡി.സി.ആർ.ജി തടഞ്ഞുവെയ്ക്കാവുന്നതാണെന്നും വ്യവസ്ഥയുണ്ട്. |
| (ബി) | കേരള പോലീസ് സബ് ഇൻസ്പെക്ടറായിരിക്കേ 31.3.2015-ന് സർവ്വീസിൽ നിന്നും വിരമിച്ച കുഞ്ഞഹമ്മദ് കെ, കല്ലട വീട്, മുട്ടാഞ്ചേരി പി.ഒ. എന്നയാൾക്ക് ഡി.സി.ആർ.ജി ലഭിക്കുന്നതിനുള്ള എൻ.എൽ.സി കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ നിന്നും ഇതുവരെയും നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ ; | (ബി) & (സി) | സബ് ഇൻസ്പെക്ടറായിരിക്കേ 31.3.2015-ന് സർവ്വീസിൽ നിന്നും പിരിഞ്ഞ ശ്രീ.കുഞ്ഞഹമ്മദിനെതിരെ 29.10.2014-ൽ തുടങ്ങിയ അച്ചടക്ക നടപടി പൂർത്തിയായിട്ടില്ല.അച്ചടക്ക നടപടി തീർപ്പാക്കുന്ന മുറയ്ക്ക് എൻ.എൽ.സി നൽകാവുന്നതാണ്. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥന് ഗ്രാറ്റിവിറ്റി ലഭിക്കാൻ വേണ്ടി എൻ.എൽ.സി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ